## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5748** **08-07-2024 - ൽ മറുപടിയ്ക്ക്**

## ആയുർവേദ ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആയുർവേദ ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് ആയുർവേദ ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് വേണ്ടി സംസ്ഥാന ഔഷധസസ്യ ബോർഡിന്റേയും, ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡ് (ഔഷധി) യുടേയും നേതൃത്വത്തിൽ വിപുലമായ രീതിയിൽ ഔഷധസസ്യ കൃഷിയും പരിപാലനവും നടപ്പിലാക്കി വരുന്നുണ്ട്. കർഷകർ കൃഷി ചെയ്തുണ്ടാക്കുന്ന ഔഷധസസ്യങ്ങൾ വാങ്ങുന്നതിനായി ആയുർവേദ ഔഷധ നിർമ്മാതാക്കളുമായി മുൻകൂട്ടി തയ്യാറാക്കിയ ധാരണാ പത്രങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന ഔഷധ സസ്യ ബോർഡ് ഇത് നടപ്പിലാക്കുന്നത്.<br><br>കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി കർഷകർ, കർഷക സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, സഹകരണ സംഘങ്ങൾ എന്നിവരിലൂടെ 850ൽ പരം ഹെക്ടറിൽ ഔഷധസസ്യ കൃഷി നടപ്പിലാക്കിയിട്ടുണ്ട്. ഔഷധസസ്യ ബോർഡിന്റെ നേതൃത്വത്തിൽ മറ്റത്തൂർ ലേബർ സൊസൈറ്റിയുമായി സഹകരിച്ചുകൊണ്ട് തൃശ്ശൂർ ജില്ലയിലെ 10 ഗ്രാമപഞ്ചായത്തുകളിലും, ആലപ്പുഴ ജില്ലയിലെ 8 പഞ്ചായത്തുകളിലും കണ്ണൂരിലെ 11പഞ്ചായത്തുകളിലും ഏകദേശം 70 ഓളം ഹെക്ടറിൽ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചുകൊണ്ട് വിപുലമായ രീതിയിൽ ഔഷധസസ്യ കൃഷി നടപ്പിലാക്കി വരുന്നു. കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കുന്നതിന് വേണ്ടി കൃഷി ചെയ്തുണ്ടാക്കുന്ന ഔഷധസസ്യങ്ങളുടെ വിത്തുകൾ ബോർഡിന്റെ സഹകരണത്തോടുകൂടി മറ്റത്തൂർ ലേബർ സൊസൈറ്റി ഉൾപ്പെടെയുള്ള സംഘങ്ങൾ കർഷകരിൽ നിന്ന് ശേഖരിച്ചു വരുന്നുണ്ട്. ഗുണമേന്മയുള്ള ഔഷധതൈകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാനത്ത് 5 മോഡൽ നഴ്സറികളും 5 ചെറുകിട നഴ്സറികളും സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഔഷധ നിർമ്മാണത്തിലുപരി ഔഷധ സസ്യങ്ങളുടെ വ്യാപനത്തിനു ഔഷധി പ്രത്യേക ശ്രദ്ധ ചെലുത്തി വരുന്നുണ്ട്. ഔഷധ സസ്യങ്ങളെക്കുറിച്ച് ഭാവി തലമുറയ്ക്കിടയിൽ അവബോധം വളർത്തുന്നതിനായി ഔഷധസസ്യ വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ ഔഷധിയുടെ കുട്ടനെല്ലൂരും, പരിയാരം ഉപകേന്ദ്രത്തിനോടനുബന്ധിച്ചുള്ള ഭൂമിയിലും സ്ഥാപിച്ചിട്ടുണ്ട്. നഴ്സറികളിൽ തയ്യാറാക്കുന്ന ഒന്നരലക്ഷത്തോളം ഔഷധസസ്യങ്ങൾ എല്ലാ വർഷവും സൗജന്യ നിരക്കിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തു വരുന്നുണ്ട്. NMPB, SMPB എന്നീ സ്ഥാപനങ്ങളുടെ ധനസഹായത്തോടെയുള്ള ഔഷധ സസ്യ പരിപാലനത്തിനായുള്ള വിവിധ പദ്ധതികളും ഔഷധി നടപ്പിൽ വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ